# IDEAL INDIAN SCHOOL, DOHA-QATAR
## PERIODIC TEST-1, JUNE 2024
## SUBJECT - MALAYALAM

**Class: VIII** | **മലയാളം** | **Max Marks: 40**

**Date:06.06.2024** | **Duration: 2hrs.**

**The Question paper is divided into 3 Sections:**

| | | | |
|---|---|---|---|
| Section | A | Reading and Comprehension | : 07 |
| Section | B | Vocabulary Building &Grammar | : 18 |
| Section | C | Literature | : 15 |

### SECTION – A / എ - വിഭാഗം

**I. ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക .**

കയ്യിൽ ഒരു വാച്ചും പോക്കറ്റിൽ ഹോമറിന്റെ ഒരു ഗ്രന്ഥവും ഉണ്ടെങ്കിൽ ഞാൻ എന്റെ വഴി വെട്ടിത്തെളിക്കും എന്ന നെപ്പോളിയന്റെ വാക്കുകൾ വായനയുടെ ശക്തിയെ ധ്വനിപ്പിക്കുന്നു. വായനയുടെ പ്രാധാന്യമെന്തെന്നാൽ മനസ്സിന്റെ ശരിയായ വളർച്ചക്കും നിലനിൽപ്പിനും ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് വായനാശീലം. ഗ്രന്ഥങ്ങളെ കെടാവിളക്കുകളോട് ഉപമിക്കാറുണ്ട്. സദാ വെളിച്ചം തൂകി അജ്ഞാനമാകുന്ന അന്ധകാരത്തെ മാറ്റുന്നതു കൊണ്ടാവാം ഉത്തമ ഗ്രന്ഥങ്ങളെ വിജ്ഞാനികൾ കെടാവിളക്കുകളോട് സാദൃശ്യപ്പെടുത്തുന്നത്. കുട്ടികളിൽ ഒളിഞ്ഞും തെളിഞ്ഞും കിടക്കുന്ന സർഗ്ഗവാസനകളെ ഉണർത്തി പരിപോഷിപ്പിക്കാനും ജീവകാരുണ്യം, സ്നേഹം, ധാർമിക ബോധം എന്നീ മൂല്യങ്ങൾ വളർത്തി ഉത്തമ ജീവിതം നയിക്കാൻ പ്രാപ്തമാക്കുവാനും അങ്ങനെ അച്ചടക്കവും തന്റേടവുമുള്ള ഒരു ജനതയെ രൂപപ്പെടുത്താനും വായനയിലൂടെ മാത്രമേ കഴിയൂ.ധാരാളം വായിച്ചു തള്ളുന്നത് വായനയല്ല വായിച്ചു തള്ളാതെ വായിച്ചുകൊള്ളാനാണ് നാം തുനിയേണ്ടത്. ഉച്ചത്തിൽ വായിക്കുന്നത് അത്ര നല്ലതല്ല എന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം. മൗന വായനയേ മനമറിയൂ എന്നാണ് പ്രമാണം. അതുകൊണ്ടാണ് വളരെ വായിക്കുകയല്ല വഴിയേ വായിക്കുകയാണ് വേണ്ടതെന്ന് പറയുന്നത്. അതേ “പുസ്തകത്തിലൂടെ വളരാത്തവൻ വെറും മൃഗമാണ്”എന്ന് വായനയുടെ മഹത്വത്തെക്കുറിച്ച് ഷേക്സ്പിയർ പറഞ്ഞത് എത്ര വാസ്തവമാണ്.

**ചോദ്യങ്ങൾ** **( 4X1=4 )**

**1.**ഗ്രന്ഥങ്ങളെ കെടാവിളക്കുകളോട് ഉപമിക്കുന്നതിന്റെ കാരണമെന്ത്?

**2.**എന്താണ് വായനയുടെ പ്രാധാന്യം?

**3.**വായനയുടെ ശക്തിയെ ധ്വനിപ്പിക്കുന്ന നെപ്പോളിയന്റെ വാക്കുകൾ എന്ത്?

**4.** വായനയെ കുറിച്ചുള്ള പണ്ഡിതന്മാരുടെ അഭിപ്രായം എന്താണ് ?

**II.** ശക്തമായ മഴയിൽ കൃഷി നശിച്ചു പോയ കർഷകർക്ക് നഷ്ട പരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കൃഷി മന്ത്രിക്ക് ഒരു **കത്തെഴുതുക.** **( 1X3=3 )**

## SECTION - B / ബി - വിഭാഗം

**1.ഒന്ന്(1) മുതൽ അഞ്ചു (5)വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.**

**1. അർത്ഥം എഴുതുക .** ( 3X1=3 )

**a.**പ്രതീക്ഷ **b.** അർധം **c.**കലഹം

( പകുതി, ഇഷ്ടം, പ്രത്യാശ, തെളിച്ചം , വഴക്ക് )

**2. പര്യായം എഴുതുക.** ( 3X1=3 )

**a.**രോഗം **b.**വിളക്ക് **c.**രാശി

( കൂട്ടം, ഗളം, ദീപം, ദീനം, ചരണം, സമൂഹം , പ്രദീപം, അസുഖം )

**3. വിപരീതം എഴുതുക.** ( 3X1=3 )

**a.**മന്ദം **b.** അർത്ഥം **c.**പ്രസന്നം

( വേഗം, അപ്രസന്നം, ശീഘ്രം, അസൗകര്യം, ദ്വേഷം, നിരർത്ഥം )

**4. നാനാർത്ഥം എഴുതുക.** ( 3X1=3 )

**a.**വർഷം **b.**യതി **c.**പണി

( ബുദ്ധിമുട്ട്, തണൽ, വിരാമം, ഗളം, ജോലി, മഴ, സന്യാസി, കൊല്ലം )

**5.അർത്ഥവ്യത്യാസം എഴുതുക.** ( 2X1=2 )

**a.**പൊന്ന് - മന്ന് **b.**ചട്ട - ചട്ടം

( ലവണം, കുപ്പായം, അരികെ, ഭൂമി, സ്വർണം, നിയമം )

**6.പിരിച്ചെഴുതി സന്ധി കണ്ടെത്തുക.** ( 2X1=2 )

**a.**പിഞ്ഞിക്കീറി **b.**കാര്യത്തിൽ

**7.വിഗ്രഹിച്ചെഴുതി സമാസം കണ്ടെത്തുക.** ( 2X1=2 )

**a.**തുണിസഞ്ചി **b.**വാഴച്ചുവട്

## SECTION - C / സി-വിഭാഗം

**I.ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്ത് എഴുതുക.** ( 4X1=4 )

**a.**അയാളുടെ വിരലുകളിൽ വെൺമയുടെ ലേപനം ചേർത്തത് ആരാണ്?

( മാമ്പൂവ്, വാഴപ്പിണ്ടി, വാഴത്തണ്ട്, ചേന )

**b.**"കരച്ചിൽ വടുകെട്ടിയ മുഖം മനസ്സിന്റെ ഭിത്തിയിൽ തെളിഞ്ഞു" ആരുടെ മുഖമാണ് മനസ്സിന്റെ ഭിത്തിയിൽ തെളിഞ്ഞത്?

( മകളുടെ, മൂത്ത കുട്ടിയുടെ, ഇളയ കുട്ടിയുടെ, അമ്മമ്മയുടെ)

c. "അവ ശക്തിയെരിഞ്ഞടങ്ങിയ ബാറ്ററികൾ പോലെ നിലകൊള്ളുന്നു"

എന്തിനെയാണ് ശക്തിയെരിഞ്ഞടങ്ങിയ ബാറ്ററികൾ എന്ന് കഥാകൃത്ത് ഉദ്ദേശിക്കുന്നത്?

( ചന്ദ്രൻ, പരിഷ്കാരികൾ, കർഷകൻെറ മുഖം, മാമ്പൂവ് )

d. ഭൂമിയുടെ കാതിൽ അമ്മമ്മയുടെ മഹാസങ്കടങ്ങൾ അറിയിക്കുന്നത് ആരാണ് എന്നാണ് കഥാകൃത്ത് പറയുന്നത് ?

( അമ്മമ്മയുടെ പേരക്കുട്ടികൾ, അമ്മമ്മയുടെ കാതുകൾ, അമ്മമ്മയുടെ പാദങ്ങൾ, അമ്മമ്മയുടെ കണ്ണുനീർ )

**II.രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക.** **( 4X2=8 )**

a. മണ്ണിനോടും കൃഷിയോടുള്ള മാർക്കോസിൻെറയും റാഹേലിൻെറയും ആഭിമുഖ്യത്തെക്കുറിച്ച് വിശദീകരിക്കുക.

b. 'കണ്ണീർ തിളങ്ങുന്ന സൂചിയായി' - സന്ദർഭം, പ്രയോഗഭംഗി വിശദീകരിക്കുക.

c. റേഷനരിയെപ്പറ്റി റാഹേൽ സമർപ്പിച്ച റിപ്പോർട്ട് എന്തായിരുന്നു?

d. അമ്മമ്മ എന്ന കഥാപാത്രത്തിൻെറ രൂപഭാവങ്ങൾ വിവരിക്കുക.

**III.നാലോ അഞ്ചോ വാക്യത്തിൽ ഉത്തരം എഴുതുക.** **( 1X3=3 )**

a. "അമ്മമ്മ" എന്ന ശീർഷകത്തിൻെറ ഔചിത്യം എന്ത് ?